പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3331 08-11-2019-ലെ മറുപടിയ്ക്ക്

**പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ പുനസ്ഥാപിക്കുന്നതിന് അനുവദിച്ച പ്രവൃത്തികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.യു. ആർ. പ്രദീപ്</td><td colspan="2">ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് പരിധിയിൽ 2018 ലെ മഹാപ്രളയത്തിൽ ഇടിഞ്ഞുപോയ വയലോരങ്ങളും തകർന്ന തോടിന്റെ കരകളും, മണ്ണുവന്നമർന്ന കൃഷി ഇടങ്ങളും എത്രയുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;</td><td>(എ)</td><td>പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പരിധിയിൽ 4.65 ഹെക്ടർ സ്ഥലത്താണ് നാശനഷ്ടം ഉണ്ടായിട്ടുള്ളത്.<br>വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് പരിധിയിൽ നാശനഷ്ടമുണ്ടായ കണക്ക് ചുവടെ ചേർക്കുന്നു.<br>1. മുള്ളൂർക്കര കൃഷി ഭവനിലെ മുള്ളൂർക്കര എ പാടശേഖരത്തിലെ പാടവരമ്പ് റെയിൽവേ പാലത്തിന് സമീപം 14 മീറ്റർ കരിങ്കൽ പടവ് പൊളിഞ്ഞു.<br>2. മുള്ളൂർക്കര കൃഷി ഭവനിലെ മുള്ളൂർക്കര എ പാടശേഖരത്തിലെ പാടവരമ്പ് റെയിൽവേ പാലത്തിന് സമീപം 10 മീറ്റർ കരിങ്കൽ പടവ് പൊളിഞ്ഞു.<br>3. റെയിൽവേ അറ്റത്ത് 15 മീറ്റർ ബണ്ട് പൊട്ടി.<br>4. മുള്ളൂർക്കര കൃഷി ഭവനിലെ വളവ് പാടശേഖരത്തിലെ വളവ് പള്ളിക്ക് മുന്നിൽ 300 മീറ്റർ തോട് പൊട്ടി.<br>5. മുള്ളൂർക്കര കൃഷി ഭവനിലെ മനപ്പടി പാടശേഖരത്തിലെ അയ്യപ്പൻ കുളത്തിനോട് ചേർന്നുള്ള തോട് 300 മീറ്റർ നീളത്തിൽ പൊട്ടി.</td></tr>
<tr><td>(ബി)</td><td>ഇവ പുനസ്ഥാപിക്കുന്നതിനായി ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി, ചേലക്കര, പാഞ്ഞാൾ, മുള്ളൂർക്കര, വരവൂർ, വള്ളത്തോൾ നഗർ, ദേശമംഗലം എന്നീ കൃഷിഭവൻ പരിധികളിൽ ഏതൊക്കെ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?</td><td>(ബി)</td><td>
<table>
<tr><th>ക്രമ നം.</th><th>ഓഫീസ്</th><th>കർഷക രുടെ എണ്ണം</th><th>തുക (രൂപ)</th><th>പ്രവൃത്തികൾ</th></tr>
<tr><td>1</td><td>കൃഷിഭവൻ കൊണ്ടാഴി</td><td>2</td><td>5368</td><td>ചെളിനീക്കം</td></tr>
<tr><td>2</td><td>കൃഷിഭവൻ പാഞ്ഞാൾ</td><td>14</td><td>41236</td><td>ചെളിനീക്കം</td></tr>
<tr><td>3</td><td>കൃഷിഭവൻ പഴയന്നൂർ</td><td>1</td><td>10464</td><td>ചെളിനീക്കം</td></tr>
<tr><td>4</td><td>കൃഷിഭവൻ തിരുവില്വാമല</td><td>1</td><td>5734</td><td>ചെളിനീക്കം</td></tr>
<tr><td colspan="2">ആകെ</td><td>18</td><td>62802</td><td></td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ